I/22187/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ– മാന്നാർ ഗ്രാമപഞ്ചായത്ത്- ഗ്രൂപ്പ് D സമ്മേളന വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിട നിർമ്മാണത്തിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം- മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/05/2023 തീയതിയിലെ നം: SC1-2109/2023 കത്ത്

**ഉത്തരവ് നമ്പർ LSGD/JD/ALP/472/2023-T3/കെ.ഡിസ്    തീയതി : 22-06-2023**

ആലപ്പുഴ ജില്ല, മാന്നാർ ഗ്രാമപഞ്ചായത്തിൽ, ചെങ്ങന്നൂർ താലൂക്ക്, മാന്നാർ വില്ലേജ്, റീസർവ്വേ നമ്പർ 26/2, 27/12/-1, 27/12 എന്നിവയിൽപ്പെട്ട 6,022.00 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള സ്ഥലത്ത് 5498.98 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഗ്രൂപ്പ് 'D' സമ്മേളന വിനിയോഗഗണത്തിൽപ്പെട്ട കെട്ടിടം (GF+ FF+ സ്റ്റെയർ റൂം+ കവേർഡ് റാമ്പ്+ കവേർഡ് പോർട്ടിക്കോ), 78.29 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഇലക്ട്രിക്കൽ& DG റൂം എന്നിവയും, നിലവിലുള്ള കെട്ടിടങ്ങൾ 24.77 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ടോയ്‌ലറ്റ്, 74.52 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഓഫീസ് എന്നിങ്ങനെ ഉപയോഗമാറ്റം വരുത്തിയും, ആകെ 5598.27 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ (കവറേജ് : 36.55%, FSI : 0.58) പണിപൂർത്തീകരിച്ച നിർമ്മാണങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി K.P.B.R-2019 ചട്ടം 5(6), 30 എന്നിവ പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ:

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ചു ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
2. 2008 ലെ കേരളാ നെൽവയൽ/നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ/നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
6. KMBR 2019 ചട്ടം 5(4) ക്രമനമ്പർ (10) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
7. KPBR 2019 ചട്ടം 5(4) ക്രമനമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.

I/22187/2023

8. **KPBR 2019** ചട്ടം **22(4)** പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
9. **KPBR 2019,** ചട്ടം **29(12)** പ്രകാരം ആവശ്യമായ ഇലക്ട്രിക്ക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
10. **KPBR 2019,** ചട്ടം **42** പ്രകാരം ഭിന്നശേഷിക്കാർക്കും വൃദ്ധർക്കും കുട്ടികൾക്കുമായി വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ സൗകര്യങ്ങളും ഓഫീസ് കെട്ടിടത്തിന് നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
11. ആഡിറ്റോറിയം കെട്ടിടത്തിന്റെ മുറികൾക്ക് **KPBR 2019,** ചട്ടം **44** പ്രകാരം ആവശ്യമായ ഉയരം നൽകിയിട്ടുണ്ടെന്നും, ഉയരം കുറവായ ഭാഗങ്ങൾ ശീതീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
12. **KPBR 2019,** ചട്ടം **76** പ്രകാരം ഗ്രൗണ്ട് വാട്ടർ റീചാർജിങ്ങിനും മഴവെള്ള സംഭരണത്തിനുമുള്ള സംവിധാനങ്ങൾ നൽകേണ്ടതാണ്.
13. **KPBR 2019** ചട്ടം **79(5)** പ്രകാരം ഖര - ദ്രവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശുചിയായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ നല്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.
14. **KPBR 2019,** ചട്ടം **79(6)** പ്രകാരം മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുൽപ്പാദനത്തിനും പുനരുപയോഗത്തിനുമുള്ള സംവിധാനം നൽകേണ്ടതാണ്.
15. പ്രസ്തുത നിർമ്മാണം **KPBR 2019** ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

<u>അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 09/2023</u>

Signed by
Joseph K F
Date: 22-06-2023 10:35:16

**(ജോസഫ് കെ. എഫ്.)**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത് (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം).

പകർപ്പ് :

1. ശ്രീ. ശ്യാമളൻ & ശ്രീമതി. ശ്രീകുമാരി ശ്യാമളൻ,ശ്രീജിതം, പാലപ്പള്ളിൽ (H), കുരട്ടിശ്ശേരി,മേൽപാടം പി.ഒ, ചെങ്ങന്നൂർ - 689622
2. ഓഫീസ് കോപ്പി.
3. കരുതൽ ഫയൽ.